"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കണ്ണൂർ ഗവൺമെന്റ് പ്രസ്സ് കോമ്പൗണ്ടിനകത്ത് ഭീഷണിയായി നിന്ന മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.11/2023/SPD തീയതി,തിരുവനന്തപുരം, 24-01-2023

---

പരാമർശം:-

1. കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12/10/2022-ലെ 1749/2022(തൽ തീർപ്പ്) നമ്പർ നടപടി ഉത്തരവ്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 21/11/2022-ലെ PTGD/2432/22/ജി2 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ഗവൺമെന്റ് പ്രസ്സ് കോമ്പൗണ്ടിനകത്ത് ജീവനക്കാർക്കും സ്റ്റാഫ് ക്വാർട്ടേഴ്സിനും പ്രസ്സ് കെട്ടിടത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി ടി മരങ്ങളുടെ വില നിർണ്ണയം നടത്തി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട് എന്നും എല്ലാ സർക്കാർ വകുപ്പുകളും MSTC- യുമായുള്ള സേവനം ഉപയോഗപ്പെടുത്തി സ്ക്രാപ് മെറ്റീരിയൽസ് ഡിസ്പോസ് ചെയ്യണമെന്നും അപകടാവസ്ഥയിലുള്ള പ്രസ്തുത മരങ്ങൾ ലേല നടപടികളിലൂടെ മുറിച്ചുമാറ്റുന്നതിനുള്ള അനുവാദം നൽകണമെന്ന് പരാമർശം (2) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ് കോൺസർവേറ്റർ നൽകിയ പരാമർശ അനുമതി ഉത്തരവ് പ്രകാരം, ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മരങ്ങൾ, ആയതിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, വനം വകുപ്പ് നിർണയിച്ച നല്കിയിട്ടിട്ടുള്ള വിലക്കോ, അതിനു മുകളിലോ ലേലം ചെയ്തു വിൽക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോയി എസ്
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:-

അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

Signed by
Bindu V K
Date: 24-01-2023 11:30:58

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ